Aug 30th 1992

ജനസ്വാധീനമുള്ള ബഹുജനമാധ്യമങ്ങളിൽ ഏറ്റവും വലിയ ശക്തിയുള്ളവയാണ് റേഡിയോയും ടെലിവിഷനും. ലോകം മുഴുവൻ ഇന്ന് അവയുടെ പ്രസരണതരംഗങ്ങളിൽ മുങ്ങിയിരിക്കുന്നു. അറിവും ആവേശവും പകരുക മാത്രമല്ല ഈ അദൃശ്യതരംഗങ്ങൾ ചെയ്യുന്നത്. എല്ലാ പ്രതിബന്ധങ്ങളും താണ്ടി അവ എല്ലായിടത്തും പ്രവേശിക്കുന്നു. മൂല്യങ്ങളെയും മനോഭാവങ്ങളെയും എല്ലാം അവ പിടിച്ചുലക്കുന്നുണ്ട്. ഈ സാങ്കേതിക സംവിധാനത്തിന്റെ അരുണോദയത്തിൽ ഉണ്ടായകാര്യങ്ങൾ ഇന്ന് ഓർമിക്കുന്നവർ കുറവാണ്. പക്ഷേ, അവയുടെ സ്മരണപുതുക്കുന്നതു രസകരമായ അനുഭവമല്ലേ?

ഇലക്ട്രോണിക് മാധ്യമങ്ങളിൽ വിവിധനിലകളിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുള്ള കോന്നിയൂർ ആർ നരേന്ദ്രനാഥ് ഈ പംക്തിയിൽ, തുടർന്നുള്ള ആഴ്ചകളിൽ ഇവ പ്രതിപാദിക്കും.

റേഡിയോ മുതൽ ടെലിവിഷൻ വരെ കുറേ പുരാവൃത്തം

കോന്നിയൂർ ആർ നരേന്ദ്രനാഥ്

ഇന്ന് അവിശ്വസനീയമായി തോന്നാവുന്നതു പലതും റേഡിയോ - ടെലിവിഷൻ മാധ്യമങ്ങളുടെ ആദിദശകളിലുണ്ടായിട്ടുണ്ട്. ധീരസാഹസികങ്ങളായ പരിശ്രമങ്ങളിലൂടെ സൗരയൂഥത്തെയാകെ ഇവ തങ്ങളുടെ സ്വാധീന പരിധിയിലാക്കിയിരിക്കുന്നു. എത്ര ലഘുവും ലളിതവുമായ തുടക്കമായിരുന്നു അവയുടേത്! അന്നും ഇന്നും തമ്മിൽ, താരതമ്യം ചെയ്യുന്നതു രസകരമായ രസകരമായ അനുഭവമാണ്; അനുഭൂതിയാണ്....

ആദ്യം നടത്തുന്ന ഏതു കാര്യത്തിനും ധീരസാഹസികതയുടെ ഒരു പരിവേഷമുണ്ട്. സംഭവിച്ച കാലത്തില്ലെങ്കിലും, ചരിത്രം പറയുന്ന അവസരത്തിലെങ്കിലും.

ബഹുജനമാധ്യമങ്ങളുടെ കാര്യത്തിൽ ഇതു പ്രത്യേകിച്ചും നേരാണ്. ആദ്യത്തെ അച്ചടിയന്ത്രം, ആദ്യത്തെ അച്ചടിച്ച പുസ്തകം, ആദ്യത്തെ വർത്തമാനപ്പത്രം, ആദ്യത്തെ സിനിമ, ആദ്യത്തെ പ്രക്ഷേപണം, ആദ്യത്തെ ടെലിവിഷൻ പരിപാടി - ഇവയ്ക്കോരോന്നിനുമില്ലേ സവിശേഷത?

റേഡിയോയില്ലാത്ത ഒരു ദിവസം ഇന്നു സങ്കൽപിക്കാൻ സാധിക്കുമോ? പ്രക്ഷേപണതരംഗങ്ങളിൽ അടിമുടി മുങ്ങിക്കിടക്കുകയാണിന്നത്തെ ലോകം. എവിടെനിന്നെല്ലാം, ഏതെല്ലാം ഭാഷകളിൽ, ഏതെല്ലാം രൂപങ്ങളിലാണ് അവ പ്രസരിക്കുന്നത്! അത്യന്തം വിപുലമാണ് അതിന്റെ പ്രചാരവും വ്യാപ്തിയും. അത് എത്താത്ത, എത്തിക്കാത്ത, ഒരിടമില്ല ഭൂമിയിൽ.

റേഡിയോയുടെ പൂർത്തീകരണമാണ് ടി വി. ഇലക്ട്രോണിക് മാധ്യമങ്ങളിലെ മുടിചൂടിയ മന്നൻ! ജ്യേഷ്ഠനും അനുജനും കൂടി ഭൂരിപക്ഷം ജനങ്ങളുടെയും ആശയാഭിലാഷങ്ങൾ മാത്രമല്ല ആദർശങ്ങളും ലക്ഷ്യങ്ങളും അഭിപ്രായങ്ങളും രൂപപ്പെടുത്തുന്നു.



1924 - ലെ അഞ്ചുവാൽവുകളുള്ള ബ്രഡ്ബോർഡ് മോഡൽ റേഡിയോ റിസീവർ. കോളാമ്പിപോലുള്ള സ്പീക്കർ ഇഷ്ടംപോലെ വയ്ക്കാം, വേറെ വാങ്ങുകയും വേണം.

അവയുടെ പുരാവൃത്തങ്ങൾ കൗതുകമുള്ളവാക്കുന്നവയാണ്.

റേഡിയോയുടെ കണ്ടുപിടിത്തത്തിന്റെ ഉടമസ്ഥാവകാശികളായി രണ്ടുപേരുണ്ട്. ഇറ്റലിക്കാരനായ മാർക്കോണിയും [Guglielmo Marcone - 1874 - 1936] റഷ്യക്കാരനായ പോപോവും [Alexander Stepanovich Popov - 1859 - 1905] പൂർവസൂരികൾ പ്രതിഷ്ഠിച്ച തറക്കല്ലിൽ, തങ്ങളുടെ വിജയസൗധം രണ്ടുപേരും പടുത്തുയർത്തി.

പക്ഷേ, അവരും മറ്റു സാങ്കേതിക വിദഗ്ധരും റേഡിയോയുടെ ഉപയോഗവും സാധ്യതയും കമ്പിയില്ലാകമ്പിക്കായി മാത്രമേ കണ്ടിരുന്നുള്ളു. ബഹുജനമാധ്യമമെന്ന നിലയിൽ റേഡിയോയെ വികസിപ്പിച്ചെടുത്തപ്പോൾ മാത്രമാണ്, അതിന്റെ സജീവ സാന്നിധ്യം ശക്തമായത്; അംഗീകരിക്കപ്പെട്ടത്.

ഓരോ രാജ്യത്തും റേഡിയോയുടെ വികസനത്തിന്റെ തനതായ ചരിത്രമുണ്ട്. ബ്രിട്ടൻ, അമേരിക്കൻ ഐക്യനാടുകൾ, ഭാരതം, എന്നിവിടങ്ങളിലെ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം, ഇവിടെ.

റേഡിയോയുടെ വിധാതാക്കളിലൊരാളായ മാർക്കോണി, അതു വളർത്തിയെടുത്തത് ബ്രിട്ടനിലാണ്. ദിവസംതോറും, മുടക്കം വരാതെയുള്ള, പ്രക്ഷേപണ "പരിപാടി" അവിടെയാരംഭിച്ചത്, 1920 ഫെബ്രുവരി 23 നാണ്; മാർക്കോണി കമ്പനിയുടെ ലണ്ടനിലെ MZX - എന്ന കേന്ദ്രത്തിൽ നിന്ന്. പരീക്ഷണാർഥമുള്ള പരിപാടിയിൽ അവിടത്തെ എഞ്ചിനീയറുടെ ഭാഷണവും വിനിഫ്രെഡ് സായർ, എന്ന തരുണിയുടെ പാട്ടുമായിരുന്നു മുഖ്യം. എന്നാൽ പ്രക്ഷേപണത്തിന്റെ ആഘാതം [impact] ശരിക്കും പ്രത്യക്ഷമായത്, ജൂൺ 15 നു നെല്ലി മെൽബയുടെ [Nellie Melba] സംഗീതത്തിനുശേഷമാണ്. യൂറോപ്പിലെ എല്ലായിടത്തും മാത്രമല്ല ന്യൂഫൗണ്ട്‌ലണ്ട് തുടങ്ങിയ പ്രദേശങ്ങളിലും അതു കേൾക്കാമായിരുന്നു.

ഏതാണ്ടിതേകാലത്തുതന്നെ ഐക്യനാടുകളിലും റേഡിയോ ബഹുജനമാധ്യമത്തിന്റെ രൂപവും ഭാവവുമാർജ്ജിച്ചെന്നു പറയാം. പെൻസിൽവേനിയയിലെ ഈസ്റ്റ് പിറ്റ്സ് ബർഗിലുള്ള ആറു നില മാളികയുടെ ഏറ്റവും മുകളിലത്തെ ഒരു മുറിയിലാണ് നൂറു വാട്ടു മാത്രം ശക്തിയുള്ള റേഡിയോ പ്രസരണി സ്ഥാപിച്ചിരുന്നത്. കെഡികെഎ - എന്നായിരുന്നു നിലയത്തിന്റെ സൂചനാനാമം.
ഐക്യനാടുകളിലെ പ്രസിഡണ്ടു തെരഞ്ഞെടുപ്പു വാശിയോടെ നടന്നു. റിപ്പബ്ലിക്കൻ കക്ഷി വാറൻ ജി ഹാർഡിംഗും ഡെമോക്രാറ്റിക് കക്ഷി കോക്സും തമ്മിലായിരുന്നു മത്സരം. ഫലമറിയാൻ ആളുകൾ ആകാംക്ഷാഭരിതരായി കാത്തിരുന്നു. അത് പ്രക്ഷേപണം ചെയ്യുമെന്ന് പ്രവർത്തകർ അറിയിപ്പുകളിലൂടെ പ്രചരിപ്പിക്കാനും മറന്നില്ല. രണ്ടു കാര്യങ്ങൾ ജനങ്ങളുടെ പിരിമുറുക്കം വർധിപ്പിച്ചു. പ്രക്ഷേപണവും തെരഞ്ഞെടുപ്പ് ഫലവും! 1920 നവംബർ രണ്ടിന്, ചരിത്രപ്രധാനമായ പ്രസരണവുമുണ്ടായി, വാർത്തയായിട്ട്!

റേഡിയോ പരിപാടിയുടെ തുടക്കം ഐക്യനാടുകളിൽ കുറിച്ചത് ആ വാർത്താ പ്രക്ഷേപണത്തോടുകൂടിയാണ്. അതു കഷ്ടിച്ചു ഇരുനൂറു പേർ കേട്ടിരിക്കാം. എന്നാൽ അതു വരുത്തിയ പ്രകമ്പനം അത്യസാധാരണമായ തരത്തിലുള്ളതായിരുന്നു. വയർലസ് - ടെലിഫോൺ, വയർലസ് - സംഗീതപ്പെട്ടി, റേഡിയോ ടെലിഫോൺ, റേഡിയോ എന്നൊക്കെയാണതിനെ പത്രങ്ങളും ആനുകാലികങ്ങളും വാഴ്ത്തിയത്.



1926 - ലെ ബെൽഗ്രാൻഡ് റേഡിയോ റിസീവർ. സെറ്റിൽ നിന്നു വേറിട്ടുള്ളതും, സൗകര്യംപോലെ വയ്ക്കാവുന്നതുമായിരുന്നു കോളാമ്പി പോലുള്ള സ്പീക്കർ.

ഏറെ നാളത്തേക്കു എവിടെയും ഒരേയൊരു ചർച്ചാ വിഷയം മാത്രമേ യുണ്ടായിരുന്നുള്ളു. റേഡിയോ... റേഡിയോ... ശാസ്ത്രത്തിന്റെ മാജിക് പെട്ടി.

ആകാശത്തുകൂടി, ആരുമറിയാതെ ഒഴുകിവരുന്ന വാർത്ത, സംഗീതം, മറ്റിനങ്ങൾ... എല്ലാം ജനങ്ങൾക്കു കേൾക്കണം... അതിന്റെ ഹരം അനുഭവിക്കണം... വൈദ്യുത സാമാനങ്ങൾ വിൽക്കുന്ന കടകളിൽ ആൾത്തിരക്ക്. കിട്ടാവുന്ന റേഡിയോ സെറ്റുകളൊക്കെ അവർ വാങ്ങി. വലിയ സെറ്റു കിട്ടാത്തവർ "ക്രിസ്റ്റൽ സെറ്റു" കൊണ്ടു തൃപ്തിപ്പെടാൻ നിർബന്ധിതരായി.

ഇന്ത്യയിലും അധികനാൾ കാത്തിരിക്കേണ്ടിവന്നില്ല, റേഡിയോ എത്താൻ. മദിരാശി പ്രസിഡൻസി റേഡിയോ ക്ലബ് 1924 - മെയ് 16 നു രൂപീകൃതമായി. അവർ സംഘടിപ്പിച്ച "മദ്രാസ് ബ്രോഡ് കാസ്റ്റിങ് സർവീസ്" 1924 ജൂലായ് 31 നു മദിരാശിയിൽ നിന്ന് ഇന്ത്യയിലെ ആദ്യത്തെ റേഡിയോ പരിപാടി പ്രക്ഷേപണം ചെയ്തു.

നാൽപതു വാട്ടു ശക്തിയുള്ളതായിരുന്നു ആ പ്രസരണി. മദിരാശി പട്ടണത്തിനുചുറ്റും അഞ്ചു നാഴികയുള്ള പ്രദേശങ്ങളിൽ കേൾക്കാൻ മാത്രമുള്ള ഊർജമേ അതിനുണ്ടായിരുന്നുള്ളു. മുപ്പതോളം സെറ്റുകളേ, പരിപാടി സ്വീകരിക്കാൻ, ആ മേഖലയിലുണ്ടായിരുന്നുള്ളു.

പക്ഷേ, സംഭവം ആളുകളെ കോരിത്തരിപ്പിച്ചു. വളരെ ദിവസങ്ങളോളം അതുമാത്രമേ ഉണ്ടായിരുന്നുള്ളു ആളുകൾക്ക് സംഭാഷണ വിഷയം. മായാജാലവും മഹേന്ദ്രജാലവുമല്ലാത്ത മഹാവിദ്യ. പുരാണേതിഹാസങ്ങളിൽ പറഞ്ഞിട്ടുള്ള അശരീരിയുടെ പുതിയ രൂപം.

മലയാള പ്രക്ഷേപണത്തിന്റെ കഥയോ?

അതിന്റെ തുടക്കം തമിഴ്നാട്ടിൽ ആയിരുന്നു...

മദിരാശി നിലയത്തിലൂടെ 1939 ൽ കൊല്ലംകോട്ടു സർ വാസുദേവ രാജ പ്രക്ഷേപണം ചെയ്ത ഒരു സന്ദേശമായിരുന്നു അത്.

മലയാളക്കരയിൽ ഒരു റേഡിയോ നിലയം സ്ഥാപിതമായത് തിരുവനന്തപുരത്താണ് - 1943 ൽ. "ട്രാവൻകൂർ ബ്രോഡ് കാസ്റ്റിങ് സ്റ്റേഷൻ" എന്നായിരുന്നു പേര്. പക്ഷേ, അതിന്റെ തലവൻ ഒരു തമിഴനായിരുന്നു. പ്രഫ. സി വി ചന്ദ്രശേഖരൻ. പ്രക്ഷേപണ സമയം, വൈകുന്നേരം ഏഴേ മുക്കാൽ മുതൽ രാത്രി ഒൻപതേകാൽ വരെ. ഏറിയ സമയവും ഉപയോഗിച്ചതു കർണാടക ശാസ്ത്രീയസംഗീതത്തിനാണ്. 1950 ഏപ്രിൽ ഒന്നിന്, നിലയം ഓൾ ഇന്ത്യാ റേഡിയോ ഏറ്റെടുത്തു. അതേകൊല്ലം മെയ് 14 നു കോഴിക്കോട് നിലയം പ്രവർത്തിച്ചുതുടങ്ങി. പ്രതീക്ഷിച്ചവരാരും വരാതിരുന്നതുകൊണ്ടു മദിരാശിയിൽ മന്ത്രിയായിരുന്ന കുട്ടികൃഷ്ണൻനായരാണ് ഔപചാരികമായ ഉദ്ഘാടനം നടത്തിയത്. ഓൾ ഇന്ത്യാ റേഡിയോയിൽ ഈ ലേഖകൻ സേവനമാരംഭിച്ചത് തൊട്ടുപിറ്റേന്നാണ് - മെയ് 15 നു. കോഴിക്കോട് നിലയത്തിൽ.

ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടു കൂടി ഐക്യ കേരളം യാഥാർഥ്യമായി. മലയാളികളുടെ ഒരു ചിരകാല സ്വപ്നം അങ്ങനെ സാക്ഷാത്കരിക്കപ്പെട്ടു. ഇ എം എസ് നമ്പൂതിരിപ്പാടാണ്, കേരള നിലയങ്ങളിലൂടെ മലയാളത്തിൽ പ്രക്ഷേപണം നടത്തിയ ആദ്യത്തെ കേരളത്തിലെ മുഖ്യമന്ത്രി. ആ പരിപാടിയുടെ ചുമതല അന്നു വഹിച്ചത് ഈ ലേഖകനും.

ചെയ്യേണ്ട മറ്റു ചിലതൊക്കെ റേഡിയോ ചെയ്തില്ലെന്ന ആക്ഷേപവും അക്കാലത്തുണ്ടായി; പ്രത്യേകിച്ച് ആദ്യത്തെ കേരള മന്ത്രിസഭയുടെ സത്യപ്രതിജ്ഞാചടങ്ങിനെപ്പറ്റി.

(അടുത്തയാഴ്ച: ഓൾ ഇന്ത്യാ റേഡിയോയുടെ ആരംഭം)